

# കയ്യൊപ്പ്...

LK/42049/2018

G.H.S.S,PALLICKAL



# ഉള്ളടക്കം

ഇന്നിന്റെ അമ്മ......6
ദീപ ടീച്ചർ......6
സൗഹൃദബന്ധത്തിൻ കഥ......8
പ്രിയ വി 9B......8
ചിത്ര രചന......10
നിരഞ്ജന എം എസ്......10
ഒരു മഴത്തുള്ളിതൻ ചിറകിലേറി......12
ഫാർസാന ഫൈസൽ 8 B......12
कुत्ता......13
दीपा पालिकल......13
വിവരസാങ്കേതികവിദ്യ (Information Technology)......15
ഫാത്തിമ.എസ്......15
പഞ്ചസാര എന്ന വില്ലൻ......17
നസീല ടീച്ചർ......17
പറയാമോ?......19
ഫാത്തിമ എസ് 9B......19
പക്ഷിമനുഷ്യൻ......20
ഷിബിന 9 A......20
ഡിജിറ്റൽ പെയിന്റിങ്......21
നിരഞ്ജന എം എസ്......21
Friendship with my mother......23
Ansana A P 7 B......23
ഇന്ന്......24
സ്മിത ഹരിദാസ്......24
സൗഹൃദം......26
നസീബ് 9 A......26
ഓണം......27
തീർത്ഥ ശ്രീ 6 B......27
പക......29
മുരുകൻ കാട്ടാക്കട......29

The magic ring....31
Ameena. N....31
Smile please....33
Arathy H 8B....33
Friends Forever....35
Arathy H 8B....35
ഓക്സിജൻ എന്ന സത്യം....36
അലീന നാസർ....36
ക്വിസ്....37
പ്രിയ വി 9 B....37
പുഞ്ചിരി....40

# എഡിറ്റോറിയൽ ബോർഡ്

## ചീഫ് എഡിറ്റർ

പ്രിയ വി

## സബ് എഡിറ്റേഴ്സ്

ഫാത്തിമ എസ്
അമീന എൻ
ആര്യൻ
ജഹാന വാഹിദ്
ധന്യ എം ആർ
അലീന നാസർ
നസീബ്
അലീഷാ ഫാത്തിമ
ഐശ്വര്യ കുറുപ്പ്
ആദിത്യ ദിലീപ്
നിരഞ്ജന എം എസ്



# ആശംസ



വിദ്യാഭ്യാസ രംഗത്ത് വിവര വിനിമയം വളരെ വേഗത്തിൽ മുന്നേറികൊണ്ടിരിക്കുകയാണ്. സാങ്കേതിക വിദ്യയോടുള്ള പുതുതലമുറയുടെ ആഭിമുഖ്യം ഗുണപരമായും സര്ഗാത്മകമായും പ്രയോജനപ്പെടുത്തുന്നതുന്നതിനായി ലിറ്റിൽ കൈറ്റ്സ് എന്ന കുട്ടികളുടെ ഐടി കൂട്ടായ്മ ഹൈടെക് പദ്ധതിയിലൂടെ കേരളത്തിലെ പൊതു വിദ്യാലയങ്ങളിൽ നടപ്പിലാക്കികൊണ്ടിരിക്കുകയാണ്.

ഇതിന്റെ ഭാഗമായി പള്ളിക്കൽ ഗവ ഹയർ സെക്കണ്ടറി സ്കൂളിലെ ലിറ്റിൽ കൈറ്റ്സ് യൂണിറ്റ് തയ്യാറാക്കുന്ന ഡിജിറ്റൽ മാഗസിന് എല്ലാവിധ ആശംസകളും നേരുന്നു.

റജീന ബീഗം

ഹെഡ്മിസ്ട്രസ്



# ഇന്നിന്റെ അമ്മ



ദീപ ടീച്ചർ

കുഞ്ഞിളം ചുണ്ടിൽ പിച്ച വയ്ക്ക-
മാദ്യമായ് അമ്മയെന്ന രണ്ടക്ഷരം
എന്തു മധുരമാണീ രണ്ടക്ഷര-
ചിന്തു തന്നോർമയ്ക്ക്
എന്തു ശക്തിയാണതിന്ന്
പൊറുക്കവാൻ കഴിയുമേത്
തെറ്റിനോടുമീ രണ്ടക്ഷരത്തിന്
സുകൃതമമ്മ ജന്മം സ്വപ്നതുല്യം .

എന്നിട്ടുമെന്തേ ഇങ്ങനെ
യൊരമ്മ ജന്മമെനിക്കേകി
കാലത്തിനക്ഷരത്തെറ്റുപോൽ
ഇന്നിന്റെ 'അമ്മ ഞാൻ .

അകതാരിൽ നിറയും സ്നേഹ –
തേനെങ്ങോ ഒലിച്ചുപോയി
നെഞ്ചിടം നിറയും നന്മ തൻ
പൂക്കളെങ്ങോ കൊഴിഞ്ഞു പോയി
പേറ്റു നോവറിഞ്ഞിട്ടും പിഞ്ചു
പൈതലിൻ പ്രാണനിൽ

ആർത്തി പൂണ്ടൊരമ്മ ഞാൻ .
പിഞ്ചു നാവിലിറ്റിക്കാൻ
നെഞ്ചിൽ കാളകൂടമേന്തും
കാളി ബാധിച്ച കാലത്തിന്റെ
കലി പൂണ്ടൊരമ്മ  ഞാൻ!
തന്നോളമായ പുത്രനെ
തച്ചു കൊന്നിട്ടാ പ്രാണനിൽ
നൃത്തമാടും ഇന്നിന്റെ 'അമ്മ ഞാൻ

കടിഞ്ഞാണഴിഞ്ഞ് അപഥ
സഞ്ചാരം ചെയ്യും മനമതിൽ
കാമുക ഹൃദയങ്ങളായിരം
സൽക്കരിക്കപ്പെടും ; അവിടെ
കന്യയാം കുഞ്ഞു മക്കളിവളുടെ
മടിക്കുത്തിന് വിലയിടും
ഇന്നിന്റെ 'അമ്മ ഞാൻ .

ഇടമില്ല മനസ്സിൽ ,ചിന്തയിൽ ,
സ്വപ്നത്തിൽ ,കുഞ്ഞിനോ തൻ
പുരുഷനോ താതനോ മാതാവിനോ !
ഇടമില്ല വിവേകത്തിനും നാട്യ –
ക്കാരിയാം ഇന്നിന്റെ 'അമ്മ ഞാൻ !

# സൗഹൃദബന്ധത്തിൻ കഥ

## പ്രിയ വി 9B

*സാമൂഹ്യജീവിയായ മനുഷ്യരുടെ ആവശ്യമാണ് ചങ്ങാത്തം.ഏകനായി ജീവിക്കാൻ മനുഷ്യന് കഴിയില്ല.അതിനാൽ ഓരോരുത്തരും തങ്ങൾക്ക് ഇഷ്ടപ്പെട്ടവരുമായി കൂട്ടുകൂടുകയാണ്.ജീവിതമാകുന്ന പൂവിന്റെ സുഗന്ധമാണ് സൗഹൃദം.സൗഹൃദം നമ്മളിൽ സന്തോഷം പകരുന്നു.ഒരുപാട് കൂട്ടുകാരുമായി കൂട്ടുകൂടാൻ കഴിയുന്നത് വിദ്യാലയത്തിൽ വച്ചാണ്.കുട്ടികൾക്ക് ഒരേബെഞ്ചിൽ*

ഇരിക്കാൻ ഉത്സാഹം കൂടും.കളിക്കാനും ചിരിക്കാനും അവർ ഒരുമിച്ചുചേരും സ്നേഹിക്കാനും സ്നേഹിക്കപ്പെടാനുമുള്ള കഴിവ് മനുഷ്യനിൽ ജന്മസിദ്ധമാണ്. സമ്പത്തോ,പണമോ അല്ല സ്നേഹമാണ് മനുഷ്യന് വേണ്ടതെന്ന് ടോൾസ്റ്റോയ് ഒരു കഥയിൽ പറഞ്ഞിട്ടുണ്ട്.സൗഹൃദം മുൻപേ ചില കാര്യങ്ങൾ ശ്രദ്ധിക്കണം.സൗഹൃദഭാവം പുലർത്തുാൻ ശ്രമിക്കണം.പക്ഷേ എല്ലാവരോടും അടുത്ത് ചങ്ങാത്തം കൂടാൻ കഴിയില്ല.ഒരേ ആവശ്യവും താൽപര്യവും ഉള്ളവരെ മാത്രമാണ് നമ്മൾ കൂട്ടുകാരായി സ്വീകരിക്കേണ്ടത്."സംസാരിക്കാൻ ഒരുപാടു പേർ വേണമെന്നില്ല ഒരുപാടു സംസാരിക്കുന്ന ഒരാൾ മാത്രമായാലും മതി".ഒരാൾക്ക് ഒത്തിരി പേർ കൂട്ടുകാരായി കാണില്ല.അല്ലെങ്കിലും അത്രയും കൂട്ടുകാരുടെ ആവശ്യമൊന്നും ഇല്ല.എന്നാലും വിശ്വാസങ്ങളും രഹസ്യങ്ങളും പങ്ക് വയ്ക്കാൻ പറ്റുന്ന കൂട്ടുകാരും വേണം.കൂട്ടുകാരെ നഷ്ടപ്പെടുന്നത് നമ്മുടെ ശരീരത്തിലെ ഒരു അവയവം നഷ്ടപ്പെടുന്നത് പോലെയാണ്.ആവശ്യത്തിനുപകരിക്കുന്ന ഒരാളാവണം യഥാർത്ഥ സുഹൃത്ത്.

# ചിത്ര രചന

നിരഞ്ജന എം എസ്





# ഒരു മഴത്തുള്ളിതൻ ചിറകിലേറി

## ഫാർസാന ഫൈസൽ 8 B

അനന്തമായനീലാകാശത്തിനു താഴെ  പ്രകൃതി  പൊഴിക്കുന്ന

വേനൽമഴ...വേനൽക്കാലത്ത്

ചുട്ടുപൊള്ളുന്ന ഭൂമിയെ തലോടി ഒരുകുളിർമഴ...

മനസ്സിൽ  മഞ്ഞുകണങ്ങൽ പതിഞ്ഞ ഒരുകുളിർമ.

പുറത്ത് മഴ ഇരച്ചുപെയ്യുകയാണ്.കണ്ണാടി

വാതിലിലൂടെ മഴയെ നോക്കി നിന്ന അയാളുടെ

മനസ്സ് വർഷങ്ങൾക്ക് പിന്നിലേക്ക്ഒരുമാത്രയിൽ

അറിയാതെ ഒലിച്ചുപോയി

ഹരിതഭംഗി  തുളുമ്പി നിൽക്കുന്നവയലേലകളും മഴപക്ഷികളുടെ പാട്ടും

അരുവികളുടെ കളകള

നാദവും പക്ഷികളുടെ ചിറകടി ശബ്ദവും വൃക്ഷലതാദികൾ പന്തലൊരിക്കിയ

കരിങ്കൽ വിഗ്രമുള്ള

കാവും തന്റെ ഓർമകളിൽ മായാതെ നിൽക്കുന്നു.

കൂട്ടുക്കാരുമൊത്തുള്ള കളികളും വികൃതികളും ഒക്കെ നടക്കുന്നത് വിശാലനായ

അമ്പലമുറ്റത്താണ്. ഇന്നത്തെ ക്രിക്കറ്റിനും ഫുട്ബോളിനും പകരം

അന്നുണ്ടായിരുന്നത് കുഴിപ്പന്തും കുട്ടിയുംകോലും ഒക്കെ ആയിരുന്നു.

ക്ഷേത്രത്തിലെ നീരാട്ടാാണ് ബഹുരസം. ഓണത്തിന് പൂവിളിപാട്ടുകളും

പാടിവേലിയും  വയലരികിലും പൂക്കൾ ശേഖരിക്കാനുള്ള ഓട്ടവും

മാവിൻക്കൊമ്പിലെ ഊഞ്ഞാലാട്ടവും ഇതിനൊക്കെ ഉപിരി ഓണസദ്യയുടെ

രുചിയും ആർക്കാണ് മറക്കാനാകുക. ആ നല്ല ബാല്യകാലം

ഇനിയൊരിക്കലും മടങ്ങി വരില്ല.

# कुत्ता

दीपा पालिकल

गले तक पानी में डूब
तैरकर आता कुत्ता एक

दाएँ  देखे बाएँ  देखे
आगे और पीछे भी देखे
 पर  कही न देखा
अपने मालिक को /

 मन का परवाह आँसू बनकर
बहते नीचे की ओर
चढ़कर बैठा चकित कुत्ता
एक मकान के ऊपर ; देखा
जहाँ बैठे लोक अनेक /
सबके आँखों में हैं
निस्संगता की परछाई
जो है डर का  /
याचना एक शब्द-हीन
जो है जान बचाने का /
प्रत्याशा की एक  झलक
जो हे आनेवाले कल का /

धीरे-धीरे गुज़रे
भीगी-काँपी दिन -रात/
फिर भी न देखा वो
अपने मालिक को
कोने -कोनेमें
जिनकी तलाश केलिए
हताशा कुत्ता पीछे मुड़ा
आवारा  कुत्ता पीछे मुड़ा /

# വിവരസാങ്കേതികവിദ്യ (Information Technology)

## ഫാത്തിമ.എസ്.

കേരളത്തിൽ അതിവേഗം വളർന്നുകൊണ്ടിരിക്കുന്ന വ്യവസായമേഖലയാണ് വിവരസാങ്കേതികവിദ്യ.കേരള സ്റ്റേറ്റ് ഐ ടി മിഷൻ സ്ഥാപിതമായത് 1991-ലാണ്. മുഖ്യമന്ത്രിയാണ് ഇതിന്റെ ചെയർമാൻ.



അക്ഷയ.

2002-മലപ്പുറം ജില്ലയിൽ ആരംഭിച്ച ഇ-സാക്ഷരതാപദ്ധതി.2005-ൽ ഏഴ് ജില്ലകളിലേക്കു കൂടി വ്യാപിച്ചു.
2008-ൽ എല്ലാ ജില്ലകളിലേക്കും എത്തി.

ഫ്രണ്ട്സ്

ബില്ലുകൾ,ഫീസുകൾ,നികുതികൾ മുതലായവ അടയ്ക്കാനുള്ള ഏകജാലകസംവിധാനം.2002-ൽ തിരുവനന്തപുരം ജില്ലയിൽ ആരംഭിച്ചു. ഇപ്പോൾ എല്ലാ ജില്ലകളിലും പ്രവർത്തിക്കുന്നു.

ഇ-ജില്ലകൾ

സംസ്ഥാനത്തെ ആദ്യ ഇ-ജില്ലകൾ പാലക്കാടും കണ്ണൂരുമാണ്. കേരള സർക്കാരിന്റെ ഇ-ഗവേണൻസ് പദ്ധതിക്കു കീഴിലാണിത്.

ഇന്റർനെറ്റ്

വ്യത്യസ്തശേഷിയുള്ള കുട്ടികൾക്ക് അക്ഷയകേന്ദ്രങ്ങൾ വഴി പരിശീലനം നല്കുന്ന പദ്ധതി.

യെസ് കേരള

കോളേജ് വിദ്യാർത്ഥികൾക്ക് സോഫ്റ്റ്സ്കിൽ,ടെക്നിക്കൽ സ്കിൽ പരിശീലനം നല്കുന്നതിന് 2008-ൽ
ആരംഭിച്ച പദ്ധതി. യൂത്ത് എംപ്ലോയബിലിറ്റി സ്കിൽസ് എന്നതാണിതിന്റെ പൂർണരൂപം.

കേരള സ്റ്റേറ്റ് ഇൻഫ്രാസ്ട്രക്ചർ ലിമിറ്റഡ്.

തദ്ദേശസ്വയംഭരണസ്ഥാപനങ്ങളിൽ ഇ-ഗവേണൻസ് നടപ്പാക്കുന്നതിനു വേണ്ടി ആരംഭിച്ച സ്ഥാപനം.
1999 ജൂണിൽ നിലവിൽ വന്നു.

ടെക്നോപാർക്ക്, തിരുവനന്തപുരം.

ഇന്ത്യയിലെ ഏറ്റവും വലുതും ഏറ്റവും പഴക്കം ചെന്നതുമായ ഐ ടി പാർക്ക്.1990-ൽ പ്രവർത്തനം തുടങ്ങി. കെ.പി നമ്പ്യാരായിരുന്നു ആദ്യ ചെയർമാൻ.

ഇൻഫോപാർക്ക്, കൊച്ചി.

2014-ൽ പ്രവർത്തനം തുടങ്ങി. എറണാകുളം ജില്ലയിലെ കാക്കനാട്ടാണ് സ്ഥിതി ചെയ്യുന്നു.



# പഞ്ചസാര എന്ന വില്ലൻ

## നസീല ടീച്ചർ



പഞ്ചസാര വെളുത്ത വിഷം എന്ന പേരിലാണ് പൊതുവെ അറിയപ്പെടുന്നത് .ഗാന്ധിജി ഇതിനെ വെളുത്ത വിഷം എന്നായിരുന്നു വിളിച്ചിരുന്നത് .കരിമ്പിൽനിന്നും ജ്യൂസെടുത്ത് അതിലെ കളറും വിറ്റാമിനുകളും മിനറലുകളും കാൽസ്യവും ഫോസ്ഫറസും മാറ്റി ബ്ലീച് ചെയ്ത് വെളുപ്പ് നിറമാക്കി 23 തരം ചെമിക്കൽ ചേർത്ത് പൂർണ്ണ രാസപദാര്ഥമാക്കിയ ക്രിസ്റ്റൽ ആണ് വെളുത്തവിഷം എന്നറിയപ്പെടുന്ന പഞ്ചസാര .

ഇത് പ്രിസർവേറ്റീവ് ആയും ഉപയോഗിക്കാം .പഞ്ചസാര 100 % ഷുഗർ ആണ്. ഇത് ആമാശയത്തിൽ എത്തിയാൽ ദഹനം എളുപ്പത്തിൽ നടക്കുകയില്ല .കരിമ്പ് ജ്യൂസിൽ നിന്നും നീക്കം ചെയ്ത വസ്തുക്കളായ കാൽസ്യം ,ഫോസ്ഫറസ് ,മിനറലുകൾ തുടങ്ങിയവയുടെ സാന്നിത്യത്തിൽ മാത്രമേ ദഹനം നടക്കുകയുള്ളൂ. *ഇവ പല്ലിൽ നിന്നും എല്ലിൽ നിന്നും ഞരമ്പുകളിൽ നിന്നും ശരീരം വലിച്ചെടുത്ത് ദഹിപ്പിക്കുന്നു .പഞ്ചസാര നന്നായി ഉപയോഗിക്കുന്ന ഒരാളുടെ പല്ല് ,എല്ല്, ഞരമ്പുകൾ എന്നിവ പെട്ടെന്ന് ക്ഷയിക്കുന്നു .പഞ്ചസാരയിൽ നാരിന്റെ അംശം ഒട്ടും ഇല്ലാത്തതിനാൽ ദഹനശേഷം ഇവ കുടലുകളിലും പ്രശ്നമുണ്ടാക്കുന്നു. .ഇതിനെല്ലാംപുറമെ പഞ്ചസാരയിൽ ചേർക്കുന്ന 23 ഓളം രാസവസ്തുക്കളുടെ അംശങ്ങൾ കിഡ്നിക്ക്പോലും പുറംതള്ളാൻ കഴിയില്ല . അങ്ങനെ ഈ വിഷയങ്ങളെ*

*പുറംതള്ളാൻവേണ്ടി കരളും ത്വക്കും ശ്രമം നടത്തും .*

*അതിന് സാധിക്കുന്നില്ലെങ്കിൽ ഇവ കരളിൽ അടിഞ്ഞു കൂടും .*

*അവസാനം ദൂഷിച്ച പിത്തനീരിലൂടെ ഈ മാലിന്യങ്ങളെ*

*കരൾ പുറംതള്ളും .*

*ഈ പുറംതള്ളലാണ്*

*മഞ്ഞപ്പിത്തമായി മാറുന്നത് .ഇതിനു പ്രധാന കാരണം*

*നമ്മുടെ ശരീരത്തിൽ അടിഞ്ഞു കൂടുന്ന രാസവസ്തുക്കളാണ് .*

*ഇങ്ങനെ ഒട്ടേറെ മാരകമായ പ്രശ്നങ്ങൾ പഞ്ചസാര ഉണ്ടാക്കുന്നു .*

*ഇതിനു പകരം ശർക്കരയോ കരുപ്പട്ടിയോ ഉപയോഗിച്ച ഈ വെളുത്ത*

*വിഷത്തിൽനിന്ന് രക്ഷ നേടാം .*

# പറയാമോ?.

## ഫാത്തിമ എസ് 9B

1) ഇപ്പോഴത്തെ റിസർവ് ബാങ്ക് ഗവർണർ?

2) ഇന്ത്യയുടെ ആദ്യകാലദേശീയമൃഗം?

3) കണികാസിദ്ധാന്തം ആവിഷ്കരിച്ചതാര്?

4) ഝാൻസിറാണിയുടെ യഥാർത്ഥപേരെന്ത് ?

5) ആധുനികഇന്ത്യയുടെ പിതാവാര്?

6) ബുദ്ധന്റെ യഥാർത്ഥപേരെന്ത്?

7) ഏറ്റവും കൂടുതൽ പഴവർഗങ്ങളുല്പാദിപ്പിക്കുന്ന ഇന്ത്യൻ സംസ്ഥാനം?

8) 'ഇന്ത്യയുടെ രത്നം' എന്നറിയപ്പെടുന്ന സംസ്ഥാനം?

9) "ആശയഗംഭീരൻ" എന്നറിയപ്പെടുന്ന മലയാളകവി?

10) കേരളത്തിന്റെ ആസ്ഥാനകവി?

11) പണ്ഡിതനായ കവി?

12) "കേരളവാല്മീകി' എന്ന അപരനാമത്തിലറിയപ്പെട്ട കവി?

13) 'സഹ്യന്റെ മകൻ' എന്ന കവിത രചിച്ചതാര്?

14) 'എന്നെ തിരയുന്ന ഞാൻ' ആരുടെ *കൃതി* ?

15) കുമാരനാശാന്റെ ജൻമനാട് ?

# പക്ഷിമനുഷ്യൻ

## ഷിബിന 9 A



ഇന്ത്യയുടെ പക്ഷിമനുഷ്യൻ എന്നറിയപ്പെടുന്ന ഡോ.സാലിം അലി 1896 നവംബർ 12 ന് മുംബൈയിൽ ജനിച്ചു. വളരെ ചെറുപ്പത്തിലേ മാതാപിതാക്കൾ നഷ്ടപ്പെട്ടു.ഒരിക്കൽ തന്റെ അമ്മാവൻ സമ്മാനിച്ച തോക്കുകൊണ്ട് വെടിവെച്ചു വീഴ്ത്തിയ കുരുവിയുടെ കഴുത്തിലെ മഞ്ഞ അടയാളം ശ്രദ്ധിക്കാനിടയായ സാലിം അമ്മാവനോട് കുരുവിയെപ്പറ്റി അന്വോഷിച്ച. അദ്ദേഹം സാലിമിനെ മുംബൈയിലെ നാച്ചുറൽ ഹിസ്റ്ററി സൊസൈറ്റിയിലെ ശാസ്ത്രജ്ഞന്മാരുടെ അടുത്തു കൊണ്ടുപോയി .അവർ കുരുവിയെ കുറിച്ച വിശദമായി പറഞ്ഞുകൊടുത്തു .കൂടാതെ അവിടെ സ്റ്റഫ് ചെയ്ത്സൂക്ഷിക്കുന്ന പക്ഷികളെ കാട്ടികൊടുക്കുകയും ചെയ്തു .ഈ സംഭവമാണ് സാലിമിൽ പക്ഷികളെക്കുറിച്ചു താല്പര്യം തോന്നാനിടയാക്കിയത് .

പിന്നീട് അദ്ദേഹം ബര്മയിലേക്ക് പോയി .ബർമയിലെ വനങ്ങളും അവിടത്തെ പ്രകൃതി മനോഹാരിതയും പക്ഷികളെക്കുറിച്ചു പഠിക്കാൻ സാലിം അലിക്ക് അവസരമൊരുക്കി.ഇന്ത്യയിൽ മടങ്ങിയെത്തിയ ശേഷം മുംബൈയിലെ മ്യൂസിയത്തിൽ ഗൈഡായി .അന്നുവരെ നിലനിന്നിരുന്ന പക്ഷി നിരീക്ഷണ ശാസ്ത്ര ഗ്രന്ഥങ്ങളിൽനിന്ന് വ്യസ്ത്യസ്തമായി ചിത്രങ്ങളോടുകൂടിയ പുസ്തകങ്ങൾ പ്രസിദ്ധീകരിച്ച .1985 ൽ പുറത്തിറങ്ങിയ ഒരു കുരുവിയുടെ പതനം (A fall of Sparrow) ആണ് അദ്ദേഹത്തിന്റെ ആത്മകഥ .

സാലിം അലിയുടെ ജന്മദിനമാണ് ദേശീയ പക്ഷി ദിനമായി ആചരിക്കുന്നത് .1996 ൽ അദ്ദേഹത്തിന്റെ സ്മരണാർത്ഥം തപാൽസ്റ്റാമ്പ് പുറത്തിറക്കി .മറയൂർ ,ചാലക്കുടി ,പറമ്പിക്കുളം തുടങ്ങിയ സ്ഥലങ്ങളിൽ പഠനം നടത്തി .1987 ജൂൺ 20 ന് അന്തരിച്ചു .

# ഡിജിറ്റൽ പെയിന്റിങ്

നിരഞ്ജന എം എസ്





# Friendship with my mother

Ansana A P 7 B



There is a home I love to hear
I love to speak it s worth
It sounds like music to my ear.
The sweetest name on the earth
There is a love which she gave me
which is word was unable to give me
A love no one can take away
when I was in sorrow
You gave me hope
Helped me to strive on with a smile.

# ഇന്ന്

## സ്മിത ഹരിദാസ്

പ്രളയനാളുകളിലൊരുമിച്ച നാമിന്ന്
ചെളിവാരി ;പരസ്പരമെറിഞ്ഞു കളിക്കുന്നു
വലതെന്നുമിടതെന്നും ചേരിതിരിഞ്ഞ്
പകപോക്കാൻ തട്ടകമൊരുക്കി കളിക്കുന്നു
അയ്യന്റെ പേരിൽ തെരുവിലിറങ്ങുന്നു
ശരണം വിളികൾ മുദ്രാഗീതങ്ങളാക്കുന്നു
വർഗീയ വിഷപ്പുക ഊതി നിറച്ച
ബലൂണുകളിന്ന് പാറികളിക്കുന്നു
ക്രിസ്തുദേവന്റെ മണവാട്ടിയെ ക്രൂശിച്ച
വൈദികന് വീണ്ടും ഓശാന പാടുന്നു
മൂടുപടമണിയിച്ചു പെണ്ണിന്റെ
മനസ്സിലും വേലി കെട്ടീടുന്നു മതം
പെണ്ണിനെ പിന്നെയും കളിക്കോപ്പായി കരുതി
മതിച്ചു രസിക്കുന്നിതു ചിലർ
തണലായി തീരേണ്ട പിതൃകരങ്ങൾ
കാമമോഹത്തിൻ നീരാളിയാകുന്നു
സ്വർഗ്ഗം ചമയ്ക്കും ഭ്രാന്തൻ വിഷപ്പുകയിലഭയം തേടി
കൗമാരമോഹങ്ങൾ ചാരമായടിയുന്നു
ഭരണ ചക്രം തിരിക്കും ;ചാണക്യതന്ത്രിമാരൊരുക്കുന്ന
പാവനാടക ചരടിലാടുന്നു....
പ്രബുദ്ധരെന്നു നടിക്കുമീ ഭോഷരാം-നാമിന്ന്
ചരിത്രത്താളുകളിലിടം നേടുവാനായ്
ചരിത്രത്തെതന്നെ വളച്ചൊടിച്ചീടുന്നു
മദമാത്സര്യ മോഹങ്ങളകറ്റി
മാനവർ നമുക്കൊരുമിക്കാനായി
വീണ്ടുമൊരു പ്രളയകാലം വരേണമോ?

കഷ്ടം !വീണ്ടുമൊരു പ്രളയകാലം വരേണമോ

## സൗഹൃദം

### നസീബ് 9 A

സൗഹൃദത്തിൽ മധുരം നുണയാത്തതായ്
ആരുണ്ട് പാരിൽ
മനം മൗനമായി മന്ത്രിക്കുന്ന ഒരു
മായ പൗർണമിയാണീ സൗഹൃദം
ഇഷ്ടാനിഷ്ടങ്ങളാൽ കോർത്തൊരു
മാലയായി സൗഹൃദം ശോഭയാർജിച്ച
മായാതെ മറയാതെ മനതാരിലെന്നും
ഏഴുതിരിയിട്ട വിളക്കായി ജ്വലിപ്പൂ....
ഒളിയറ്റ ശോഭയായി മനതാരിൽ
വിരിയുന്നൊരു ആർദ്ര തളരിത
നറുപുഷ്പമാമൊരു സൗഹൃദം
എന്നുമെക്കാലവും വാഴ്ത്തപ്പെടും
എൻ സൗഹൃദത്തിൻ മഹത്വം
പ്രായഭേദമെന്യേ മാലോകരിൽ
തെളിയുന്നൊരാ ദിവ്യാനുഭൂതിയെൻ
സൗഹൃദം.



അച്ചുവിന്റെ ഓണം

# ഓണം

## തീർത്ഥ ശ്രീ 6 B

ഓണ അവധിയായി . അമ്മുവും അച്ചുവും വലിയസന്തോഷത്തിലാണ് . അമ്മുവിൻറെ സന്തോഷത്തിനുകാരണം അവളുടെ മാമൻ പുതുതായികൊണ്ടുവരുന്ന മൊബൈൽഫോണാണ്. ഫോണുകളോടും ലാപ്ടോപ്പുകളോടുമാണ് അവളുടെതാല്പര്യം അച്ചുവിന്റെ സന്തോഷം അതല്ല . ഓണക്കളികൾ കളിക്കുന്നതും , അത്തമിടുന്നതും മറ്റും മാണ് അന്നുരാവിലെ മുത്തശി വന്നു . അവനുവളരെ



സന്തോഷമായി . മാമൻ വന്നപ്പോഴാണ് അമ്മുവിന് സന്തോഷമായത് . അച്ചുഅമ്മുവിനോടുചോദിച്ചു " ചേച്ചി എന്നോടപ്പം കളിക്കാൻവരുമോ"? നീഒന്നുപോയെ ഞാൻ പുതിയ ഫോണിൽ വാട്സാപ്പ് എടുക്കാൻ പോകുവാ "അമ്മു പറഞ്ഞു .ഡാഡിയോടും മമ്മിയോടും പറയാൻ പറ്റില്ല .ഡാഡി ബിസിനസ്സ് തിരക്കിലാണ് .മമ്മി ഒന്നുകിൽ ഓഫീസിൽ ആയിരിക്കും അല്ലെങ്കിൽ ഫേസ്ബുക് നോക്കിയിരിക്കും .മമ്മി പറയും നീ പോയിരുന്നു പഠിക്കാൻ .ഇക്കാര്യം അച്ചു മുത്തശ്ശിയോട് പറഞ്ഞു ഒരു നെടുവീർപ്പിനു ശേഷം മുത്തശ്ശി പറഞ്ഞു ഇന്നത്തെ കുട്ടികൾക്ക് ഓണം



എന്നാൽ അവധികാലം മാത്രമാണ് .എന്റെയൊക്കെ കുട്ടിക്കാലത്തു എന്ത് രസമായിരുന്നു ഓണക്കാലം ! പുതിയ വസ്ത്രങ്ങളും കൊതിയൂറും മണമുള്ള ഓണ പലഹാരംകളുംഓണസദ്യയും ഊഞ്ഞാലാട്ടവും അത്തപ്പൂക്കളവും പൂക്കൾ ശേകരിക്കലും എല്ലാം കൂടി ഒരു മേളം തന്നെ ആയിരുന്നു .അക്കാലമൊക്കെ പോയില്ലേ ...ങ്ങ !നിന്റെ അച്ഛനോട് ഈ മൂവാണ്ടൻ മാവിൽ ഒരു ചെറിയ ഊഞ്ഞാലിട്ടുതരാൻ ഞാൻ പറയാം . മുത്തശി പതുക്കെ എഴുന്നേറ്റ് അകത്തേക്ക് പോയി . അച്ചു പിറകെ ചെന്നു. മുത്തശി കിടക്കുകയാണ് . അവൻ മുവാണ്ടൻമാവിൽ ഊഞ്ഞാൽ ഇടാനുള്ള കൊമ്പ് നോക്കി മുറ്റത്തുനില്കുകയാണ് . മാവേലിതമ്പുരാനെ പാതാളത്തിലേക്ക് ചവിട്ടിത്താഴ്ത്തിയ ,പൊക്കമില്ലാത്ത ആ ബ്രാഹ്മണ സന്ന്യാസിയുടെ പേര് എത്ര ആലോചിച്ചിട്ടും അവനു ഓർമ്മവന്നില്ല . അവൻ അകത്തെ മുറിയിൽ മുത്തശിയുടെ അടുത്തേക്ക് ഓടി . മുത്തശിയെ കുലുക്കിവിളിച്ചു . അനാകുന്നില്ല . അവൻ വീണ്ടും വീണ്ടും വിളിച്ചു .പക്ഷെ .....ഊഞ്ഞാലിടാൻ നിർത്തിയിരുന്ന മുവാണ്ടൻമാവ് കുറച്ചാളുകൾ മുറിക്കുകയാണ് .... മുത്തശിക്ക് ചിതയൊരുക്കാൻ.

# പക

## മുരുകൻ കാട്ടാക്കട[1]



ദുരമൂത്തു നമ്മൾക്ക്, പുഴ കറുത്തു
ചതി മൂത്തു നമ്മൾക്ക്, മല വെളുത്തു
തിരമുത്തമിട്ടൊരു കരിമണൽ തീരത്ത്-
വരയിട്ടു നമ്മൾ പൊതിഞ്ഞെടുത്തു

ദുരമൂത്തു നമ്മൾക്ക്, പുഴ കറുത്തു
ചതി മൂത്തു നമ്മൾക്ക്, മല വെളുത്തു
തിരമുത്തമിട്ടൊരു കരിമണൽ തീരത്ത്-
വരയിട്ടു നമ്മൾ പൊതിഞ്ഞെടുത്തു

പകയുണ്ട് ഭൂമിക്ക്, പുഴകൾക്കു, മലകൾക്കു,
പ്രകൃതിക്കുപകലിനും ദ്വേഷമുണ്ട്
പകയുണ്ട് ഭൂമിക്ക്, പുഴകൾക്കു, മലകൾക്കു,
പ്രകൃതിക്കുപകലിനും ദ്വേഷമുണ്ട്

മാനത്ത് നോക്കൂ കറുത്തിരിക്കുന്നു
കാർമേഘമല്ല, കരിമ്പുകച്ചുരുളുകൾ
പൂക്കളെ നോക്കൂ വെളുത്തിരിക്കുന്നതു
പിച്ചിയല്ല, വിഷം തിന്ന തെച്ചി.

---

1ഒരു പ്രമുഖ മലയാളകവിയാണ് **മുരുകൻ കാട്ടാക്കട**. തിരുവനന്തപുരം ജില്ലയിലെകാട്ടാക്കടയിൽ കുച്ചപ്പുറം എന്ന ഗ്രാമത്തിൽ ബി. രാമൻ പിള്ളയുടേയും ജി. കാർത്യായനിയുടേയും മകനായി ജനിച്ചു. *കണ്ണട* എന്ന കവിതയിലൂടെ ശ്രദ്ധേയനായി. ദീർഘകാലം തിരുവനന്തപുരം എസ് എം വി ഹയർ സെക്കണ്ടറി സ്കൂളിൽ അധ്യാപകനായിരുന്നു. ദൂരദർശൻ ചാനലിൽ എല്ലാരും ചൊല്ലണ് എന്ന പരിപാടിയുടെ അവതാരകനായും പ്രവർത്തിച്ചു. ഇപ്പോൾ പൊതു വിദ്യാഭ്യാസ വകുപ്പിനു കീഴിലുള്ള വിക്ടേഴ്സ് ചാനൽ മേധാവിയാണ്. [1]

മാനത്ത് നോക്കു കറുത്തിരിക്കുന്നു
കാർമേഘമല്ല, കരിമ്പുകച്ചുരുളുകൾ
പൂക്കളെ നോക്കു വെളുത്തിരിക്കുന്നൂ
പിച്ചിയല്ല, വിഷം തിന്ന തെച്ചി.

കാറ്റിനെയൊന്ന് മണത്തു നോക്കു, മണം
ഗന്ധകപ്പാലപൂത്തുലയുന്ന മാദകം
പോക്കുവെയിലേറ്റൊന്നിരുന്നു നോക്കു
പുറം തോലറ്റിറങ്ങുന്നതഗ്നി സർപ്പം

മഴയേറ്റു മുറ്റത്തിറങ്ങി നിൽക്കു മരണ-
മൊരു തുള്ളിയായണുപ്രഹരമായി
ഉപ്പുകല്ലൊന്നെടുത്തുനോക്കു കടൽ
കണ്ണീരിനുപ്പിൻ ചവർപ്പിറക്കു

രാസതീർത്ഥം കുടിച്ചാമാശയം വീർത്ത്

മാത്രാവബോധം മറഞ്ഞ പേക്കുട്ടികൾ

രാസതീർത്ഥം കുടിച്ചാമാശയം വീർത്ത്

# The magic ring

## Ameena. N

One morning, Abin went to the sea shore with his father; “ Abin, sit there, I will back soon.” Abin's father sailed away in a small boat for fishing. Abin sat on the sea shore waiting for his father.

Abin look at blue sea. He tried to count the boats,there were many. He began to dig a small pit in the sand. Waves come and fill it with water. Hours passed. The fishing boats were coming back. He saw crows and kites flying close to the boats. The boats reached the shore and the fisherman filled their baskets Abin look at the blue sea. A small boat came riding on a big wave.

It's my father's boat ! Abin jumped with joy. The boat came ashore. Abin ran towards the boat. There was a big fish in the boat. Abin tried to lift the fish with both his hands.

“We will take this fish to the market .We will sell it for a good price.” Father said with a broad smile."Wait here; I'll go and get a basket," father said and walked away. Abin looked at the fish. He had never seen such a large fish alive. It's silver belly gleamed in the sunlight. It's fins and tail were blur. It opened it's mouth at regular intervals . It twisted and turned. Abin held it tight. The fish looked helplessly at Abin with it's pink eyes. It was gasping for breath.

Abin left sad. He walked towards the sea. A huge wave swept against Abin's feet. Suddenly Abin let the fish in to the sea. The fish happily glided through the waves. It went down to the deep blue sea and disappeared. Father came back with a big

basket. “Where is the fish?” he asked. “I let it go”. “Are you crazy?” Father raised his voice. Father was furious.

Abin  had no idea. He sat on the shore looking at the boats sailing away. He heard a voice from the sea. “Who is that?” Abin looked around in surprise. Abin could not believe his eyes.

Can a fish speak? He stood on the shore like a statue.  "Dear boy, I'll never forget your kindness", the fish said. "Take this This is a magic ring. Rub it and what it can do. Use this only when you need." The fish came near and opened it's mouth. There was a beautiful ring in it's mouth. Abin took
the ring and the fish swim back to the sea.

# Smile please

## Arathy H 8B

We all have come across this phrase "smile improves your face value". This sentence sets us thinking of the immense value of stretching our cheeks with such difficulty sideways a bit a rare catch in this present days hectic tension ridden world.



A smile adds glow to our face and grace to our personality. To express anger it is said that we need more nerves white to smile only a few nerves are put to work with a charming smile we can do wonders. Others are put to ease with a sweet smile and they feel that we are closer to them. A more smile even without writing a words reveals affection, appreciation and at times, sympathy. Laughing is a better medicine for all problems. May be because id eases our tension helps unwind the pent up feelings and often forgets our worries at least for a short period. Share your smile with the world. It is a symbol of friendship and peace. A smile face gets instant welcome. Smile is a they that gifts the rock of everybody's heart. A smiling face can create pleasant feeling in the mind of the on lookers. It helps the person to establish a good support and shows the attitude of the person and willingness to lend a helping hand.

Smile has its own effect. It enlightens the atmosphere and creates envy in the minds of neighbours too. A special child is an asset. “Smile in the mirror. Do

that every morning and you will start to see a big difference in your life"We have to put a smiling face at the time of adversities and in moments of sorrow. We can smile away certain em brrassing questions or situations or avoid any commitments by using this harmless signal.!!! So Always Smile......

# Friends Forever

Arathy H 8B

*A friend is a most precious gift to all of us. We should always understand its importance and give value without having any misunderstanding . Friendship is a relationship where no blood relation exists. It's a limitless relation it goes forever without the rule of give and take. True friendship never sees the caste,creed,religion and colour of person;it only sees the internal beauty.*

*Many selfish people make around of the good people to make friendship with them. The recognition of true friends becomes only in bad times as true friends never left alone and bad friends always do opposite. Real friends always help their friends whenever they become in need. There is a common saying about true friendship . ''A friendship in need is a friend indeed '' and ''Fortune brings friends but adversity tries them.'' The essence of friendship germinates from the heart and it can be ended the day it starts depending on the materialistic possessions . It is to be noted true friends are the actual happiness of our life.*

*'Friends Forever' is a phrase that describes a close friend ship . Such friendship are characterised by intimacy ,trust and a sense of permanence . Friendship is something which is purer than gold and valuable than diamond .It has got no scale to be measured.*

*Friendship is a ship which never breakdown in any wind . It is not a 'Titanic Ship'. Friend ship is a relationship which cannot be measured but only be treasured. ''A friend is someone who knows all about you and still loves you''.*

# ഓക്സിജൻ എന്ന സത്യം

## അലീന നാസർ

മൂന്ന് ഓക്സിജൻ സിലണ്ടറിലെ അത്രയും ഓക്സിജനാണ്

ഒരു മനുഷ്യൻ ഒരു ദിവസം ശ്വസിയ്ക്കുന്നത്.

ഒരെണ്ണത്തിൻറെ വില 700 രൂപയാണ്.

അങ്ങനെ നോക്കിയാൽ ഒരാൾ ഒരു ദിവസം

2100 രൂപയുടെ ഓക്സിജൻ ശ്വസിക്കുന്നു.

അപ്പോൾ ഒരു വർഷം അത് 766500 രൂപയുടെ .

ഒരു ആയുഷ്കാലം മുഴുവനും നമുക്ക് ഓക്സിജൻ

ഫ്രീയായിതരുന്ന സൃഷ്ടാവിന് എങ്ങനെ

നന്ദി അർപ്പിക്കാതിരിക്കും പ്രിയരേ

# ക്വിസ്

## പ്രിയ വി 9 B


ഇപ്പോഴത്തെ റിസർവ് ബാങ്ക് ഗവർണർ?

1) ഇന്ത്യയുടെ ആദ്യകാലദേശീയമൃഗം?
2) കണികാസിദ്ധാന്തം ആവിഷ്കരിച്ചതാര്?
3) ഝാൻസിറാണിയുടെ യഥാർത്ഥപേരെന്ത് ?
4) ആധുനികഇന്ത്യയുടെ  പിതാവാര്?
5) ബുദ്ധന്റെ യഥാർത്ഥപേരെന്ത്?
6) ഏറ്റവും കൂടുതൽ പഴവർഗങ്ങളുല്പാദിപ്പിക്കുന്ന ഇന്ത്യൻ സംസ്ഥാനം?
7) 'ഇന്ത്യയുടെ  രത്നം' എന്നറിയപ്പെടുന്ന  സംസ്ഥാനം?
8) "ആശയഗംഭീരൻ"  എന്നറിയപ്പെടുന്ന മലയാളകവി?
9) കേരളത്തിന്റെ ആസ്ഥാനകവി?
10) പണ്ഡിതനായ കവി?
11) "കേരളവാല്മീകി'  എന്ന അപരനാമത്തിലറിയപ്പെട്ട കവി?
12) 'സഹ്യന്റെ  മകൻ'  എന്ന കവിത രചിച്ചതാര്?
13) 'എന്നെ തിരയുന്ന ഞാൻ' ആരുടെ കൃതി?
14) കുമാരനാശാന്റെ  ജൻമനാട്
15) എസ്.എൻ.ഡി.പി യോഗത്തിന്റെ ആദ്യ ജനറൽ സെക്രട്ടറി ആയ മലയാള കവി?
16) ആരമ്മേ ഗാന്ധി എന്ന കവിത രചിച്ചതാര്?
17) കേരള കലാമണ്ഡലം സ്ഥാപിച്ചതാര്?
18) പേവിഷബാധയേറ്റ് മരിച്ച മലയാള കവി?
19) തകഴിയുടെ ഏറ്റവും ബൃഹത്തായ നോവൽ?
20) ബഷീറിന്റെ പ്രഥമ നോവൽ?
21) ബോട്ടപകടത്തിൽ മരിച്ച മലയാള കവി?
22) മലയാളഭാഷയിലെ പ്രഥമ യുദ്ധ നോവൽ?
23) ട്രഞ്ച് എന്ന നോവൽ രചിച്ചതാര്?
24) മരണസർട്ടിഫിക്കറ്റ് എന്ന നോവൽ രചിച്ചതാര്?
25) മലയാളത്തിലെ ആദ്യകാല മൂന്ന് നോവലുകളും സ്ത്രീനാമങ്ങളാണ് ഏതെല്ലാം?
26) ഉമ്മാച്ചു ആരുടെ നോവലാണ്?

27) മഞ്ഞ് എന്ന നോവലിലെ പ്രധാന കഥാപാത്രം?
28) പെണ്ണുങ്ങളുടെ ബുദ്ധി എന്ന നോവലിന്റെ മറ്റൊരു പേര്?
29) ഏറ്റവും കൂടുതൽ അവാർഡുകൾ നേടിയിട്ടുള്ള മലയാള നോവൽ?

**ഉത്തരങ്ങൾ**

1) ശക്തികാന്ത് ദാസ്
2) സിംഹം
3) ഐസക് ന്യൂട്ടൺ
4) റാണി ലക്ഷ്മിഭായ്
5) രാജാറാം മോഹൻ റോയ്
6) സിദ്ധാർഥൻ
7) ഹിമാചൽ പ്രദേശ്
8) മണിപ്പൂർ
9) കുമാരനാശാൻ
10) വള്ളത്തോൾ
11) ഉള്ളൂർ
12) വള്ളത്തോൾ
13) വൈലോപ്പിള്ളി ശ്രീധരമേനോൻ
14) പി.കുഞ്ഞിരാമൻ നായർ
15) കായിക്കര
16) കുമാരനാശാൻ
17) വെണ്ണിക്കുളം ഗോപാലക്കുറുപ്പ്
18) വള്ളത്തോൾ
19) കുഞ്ചൻ നമ്പ്യാർ
20) കയർ
21) പ്രേമലേഖനം
22) കുമാരനാശാൻ
23) ടഞ്ച്
24) ഏകലവ്യൻ
25) ആനന്ദ്
26) കുന്ദലത,ഇന്ദുലേഖ,ശാരദ
27) പി.സി കുട്ടികൃഷ്ണൻ(ഉറൂബ്)
28) വിമല
29) പാത്തുമ്മയുടെ ആട്
30) *അഗ്നിസാക്ഷി.*



## പുഞ്ചിരി

പ്രവീണ പി

പുലരുമ്പോൾ അമ്മതൻ നിറവുള്ള ചിരി കാണാൻ
ഇന്നു ഞാനേറെ കൊതിച്ചുപോയി
കരയുമ്പോൾ അമ്മതൻ സ്നേഹത്തിൻ വിളി കേൾക്കാൻ
ഇന്നും ഞാനേറെ കൊതിച്ചുപോയി
ഞാനൊന്നു കരയുമ്പോൾ അമ്മതൻ ലാളന
എന്നിൽ നിറയുന്ന വേളകളിൽ
അറിയുന്നു ഞാനെൻറെ അമ്മതൻ വേദന
എൻ കണ്ണീരൊരുമാത്ര നിന്നുപോകെ
അമ്മതൻ ഗദ്ഗദ വാക്കുകൾ കേൾക്കെ ഞാൻ
വേദന കൊണ്ട് കരഞ്ഞിടുമ്പോൾ
എന്നെ പുണരുന്ന അമ്മതൻ കൈകളാൽ
എൻ നോവ് എങ്ങോ മറഞ്ഞുപോയി
പിന്നെയും ഏറെനാൾ വന്നുപോയി
എന്നാത്മസന്ഗീത താളങ്ങളിൽ
ഞാനിന്നുമോർക്കയാണമ്മതൻ പുഞ്ചിരി
എന്നെ പുണരുന്ന വേള കാത്ത്





# ഗവ ഹൈസ്കൂൾ പള്ളിക്കൽ